# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :08.09.2026

## പത്രക്കുറിപ്പ്

### കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (മൾട്ടി ഇയർ താരിഫ്) റഗുലേഷൻസ്, 2026ന്റെ കൺസൾട്ടേഷൻ പ്രോസസ് 2026, സെപ്റ്റംബർ 29,30 തീയതികളിൽ

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ **(മൾട്ടി ഇയർ താരിഫ്)** റഗുലേഷൻസ്, 2026ന്റെ കരട് ആഗസ്റ്റ് 24, 2026ന് പൊതുജനങ്ങളുടെയും മറ്റ് തൽപ്പരകക്ഷികളുടെയും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പൊതുജനങ്ങളുടെയും മറ്റു തൽപ്പരകക്ഷികളുടെയും കൂടുതൽ പങ്കാളിത്തം ഉറപ്പിക്കുന്നതിനായി പ്രസ്തുത കരടിന്മേലുള്ള കൺസൾട്ടേഷൻ പ്രോസസ് ഹൈബ്രിഡ് രീതിയിൽ (hybrid mode) 2026 സെപ്റ്റംബർ 29, 30 തീയതികളിൽ നടത്തുവാനായി കമ്മീഷൻ, തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കൺസൾട്ടേഷൻ പ്രോസസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് കമ്മീഷന്റെ വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്ക് **(Link: https://registration.kserc.sbs)** മുഖേന 2026 സെപ്റ്റംബർ 18 വൈകുന്നേരം അഞ്ച് മണിവരെ രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ടായിരിക്കും. രജിസ്റ്റർ ചെയ്യുന്നവർ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന രീതി (നേരിട്ട് / ഓൺലൈൻ) വ്യക്തമായി രജിസ്ട്രേഷൻ ഫോമിൽ നൽകണം. പൊതുതെളിവെടുപ്പിൽ പങ്കെടുക്കേണ്ട സമയം, ലിങ്ക് എന്നിവ രജിസ്റ്റർ ചെയ്യുന്നവർക്ക് അവരുടെ രജിസ്ട്രേഷൻ ഫോമിൽ നൽകിയ ഇ-മെയിൽ / വാട്ട്സ്ആപ്പ് മുഖാന്തരം അറിയിക്കും. രജിസ്ട്രേഷൻ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾക്കും

സഹായത്തിനുമായി കമ്മീഷന്റെ ഓഫീസ് സമയത്ത് പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്ക് (ഫോൺ നമ്പർ: 0471-2735544) സജ്ജമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കായി കമ്മീഷന്റെ വെബ്സൈറ്റ് (www.erckerala.org) സന്ദർശിക്കുക.

സെക്രട്ടറി

D:\Data Backup\CONSULTANT ENGG\2026\PRESS RELEASE - MULTI YEAR TARIFF REGLN 2026- CONSULTATION PROCESS DT 08.09.2026.docx